## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2318** — **18/02/2016-ൽ മറുപടിക്ക്**

### മലപ്പുറം ജില്ലയിലെ ഡിഫ്ത്തീരിയ ബാധ

**ചോദ്യം**
**ശ്രീ.കെ. എൻ.എ.ഖാദർ**

**മറുപടി**
**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്രപേർക്ക് ഡിഫ്ത്തീരിയ രോഗം ബാധിച്ചിട്ടുണ്ട്; എത്രപേർ മരിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) | കഴിഞ്ഞവർഷം മലപ്പുറം ജില്ലയിൽ 5 (അഞ്ച്) പേർക്ക് ഡിഫ്ത്തീരിയ ബാധിക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ നിന്നും ഡിഫ്ത്തീരിയ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ബി) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ രോഗപ്രതിരോധ മരുന്ന് ആവശ്യത്തിന് ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് പ്രസ്തുതപ്രതിസന്ധിക്ക് കാരണമെന്ന് അറിയിക്കുമോ; | ബി) | കേരളത്തിൽ വളരെ കാലമായി പ്രതിരോധ കുത്തിവയ്പുകൾ കൊണ്ട് അപ്രത്യക്ഷമായിരുന്ന ഡിഫ്ത്തീരിയ എന്ന രോഗം, മലപ്പുറം ജില്ലയിൽ ഇപ്പോൾ വന്നത് രോഗ പ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്ത കുട്ടികളിലാണ്. ഡിഫ്ത്തീരിയ, കുട്ടികളിൽ വാക്സിൻ മൂലം തടയുവാൻ കഴിയുന്ന ഒരു രോഗമാണ്. അതുകൊണ്ട് തന്നെ ഈ രോഗം അധികം ഉണ്ടാകാറില്ല. മലപ്പുറം ജില്ലയിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഡിഫ്ത്തീരിയാക്കെതിരെയുള്ള വാക്സിൻ ലഭ്യമാണ്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലും പ്രസ്തുത വാക്സിൻ ലഭ്യമാണ്. |
| സി) എന്തെല്ലാം പ്രതിരോധ നടപടികളാണ് പ്രസ്തുത രോഗത്തിനെതിരായി മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | സി) | മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ ഔട്ട് ബ്രേക്കുണ്ടായത് 2 യത്തീംഖാനകളിലാണ്. രോഗം റിപ്പോർട്ട് ചെയ്തയുടനെ തന്നെ 2 സ്ഥാപനങ്ങളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ ആരോഗ്യ സംഘം സന്ദർശിക്കുകയും, സ്ക്രീനിംഗിന് നടത്തി സംശയാസ്പദമായികണ്ട കുട്ടികളെ കോഴിക്കോട് മെഡിക്കൽ |

| | | |
|---|---|---|
| | | കോളേജിലേക്ക് മാറ്റി. മറ്റു കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പും, Prophylaxis antibiotic - ഉം നൽകുകയും ചെയ്തു. സ്ഥാപനത്തിന്റെ ചുറ്റിലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, രോഗ ബാധിതരായ കുട്ടികളുടെ വീട്ടിലുള്ളവർക്കും, പരിസരവാസികളിലും, കുത്തിവെയ്പ് എടുക്കാത്തവർക്ക് പ്രതിരോധ കുത്തിവയ്പുകൾ, മരുന്നുകൾ എന്നിവ നൽകി. ഇതു കൂടാതെ ദീർഘകാല പദ്ധതിയായി ജില്ലയിലെ 0-16 വയസ്സുള്ള, ഭാഗികമായോ പൂർണ്ണമായോ പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികൾക്ക് ഡി.ടി.വാക്സിൻ നൽകുന്നതിന് അനുമതി നൽകുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. |
| ഡി)മതിയായ പ്രതിരോധ മരുന്ന് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ; പ്രസ്തുത രോഗവ്യാപനം തടയുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | രോഗ പ്രതിരോധ വാക്സിൻ ലഭ്യമാണ്. കുട്ടികളുടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കെതിരെ വ്യാജ പ്രചരണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക അകറ്റിയാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ